"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-21-08-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന വെണ്ടർ ആയി പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ്-കൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2397/2022/LSGD തീയതി,തിരുവനന്തപുരം, 01-10-2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1611/18/ത.സ്വ.ഭ.വ തീയതി 13.06.2018
2. സ.ഉ.(കൈ)നം.110/18/ത.സ്വ.ഭ.വ തീയതി 13.08.2018
3. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 18.08.2020-ലെ 52996/E/2020/REGS നമ്പർ കത്ത്
4. 21.08.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.16(ii)-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സിമന്റ് ഇഷ്ടിക, കട്ടിള തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ഇത്തരം യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യാൻ സി.ഡി.എസ്-കളെ ചുമതലപ്പെടുത്താനും പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം അനുവാദം നൽകിയിരുന്നു. മെറ്റീരിയൽ ഘടകത്തിലെ തുക ലഭ്യമാകാൻ കാലതാമസം ഉണ്ടാകുന്നത് സി.ഡി.എസ്-കളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ സി.ഡി.എസ്-കൾക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും വർക്കിംഗ് ക്യാപിറ്റൽ നൽകുന്നത് പരിശോധിക്കാൻ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം തീരുമാനിച്ച പ്രകാരം മിഷൻ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. ഇക്കാര്യം 21.08.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം പരിശോധിക്കുകയും നിലവിൽ വെണ്ടറായി പ്രവർത്തിച്ചുവരുന്ന സി.ഡി.എസ്-കൾക്ക് വർക്കിംഗ് ക്യാപിറ്റലിന് പകരം പരമാവധി 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് ആയി നൽകാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിലവിൽ വെണ്ടറായി പ്രവർത്തിച്ചു വരുന്ന സി.ഡി.എസ്.യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് ആയി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ.) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 01-10-2022 12:18:49

സെക്ഷൻ ഓഫീസർ